(ബി) കഴിഞ്ഞ മൂന്നു വർഷങ്ങൾക്കുള്ളിൽ ഈ ലേബർ സ്കാഡുകൾ എത്ര പരിശോധനകൾ നടത്തിയെന്നും, തൊഴിൽനിയമം ലംഘിച്ച എത്ര കേസ്സുകൾ കണ്ടുപിടിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പിടിക്കപ്പെട്ടവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 14 ലേബർ സ്കാഡുകൾ

(ബി) ലേബർ സ്കാഡുകളുടെ പ്രവർത്തനം ആദ്യഘട്ടത്തിൽ നടത്തിയിരുന്നത് കശുവണ്ടിഫാക്ടറികളിൽ മാത്രമായിരുന്നു. മറ്റ് സ്ഥാപനങ്ങളിലെ പരിശോധനകൾക്ക് സ്കാഡ് രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചത് 20-1-98 മുതലാണ്. ഇതിൻപ്രകാരം 1998-ൽ ലേബർ സ്കാഡുകൾ 1,384 പരിശോധനകൾ നടത്തുകയും 1-1-1999 മുതൽ 1999 മെയ് മാസം വരെ 118 പരിശോധനകൾ നടത്തുകയും ചെയ്തിട്ടുണ്ട്. (തൊഴിൽവകുപ്പ് ഉദ്യോഗസ്ഥന്മാരുടെ വിവിധ പരിശോധനകളിലൂടെ തൊഴിൽനിയമം ലംഘിച്ചതിന്റെ പേരിൽ 1998-99 വർഷത്തിൽ 60,328 കേസ്സുകൾ കണ്ടുപിടിച്ചിട്ടുണ്ട്.

(സി) തൊഴിൽനിയമം ലംഘിക്കപ്പെട്ടതിന്റെ പേരിൽ പിടിക്കപ്പെട്ടവർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ എടുക്കുകയും, മിനിമം വേതനം നൽകാത്ത തൊഴിലുടമകൾക്കെതിരെ ക്ലെയിം പെറ്റീഷനുകൾ സമർപ്പിക്കുകയും അതുവഴി തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുകയും ചെയ്യുന്നു.

73 (3540) ലേബർ വെൽഫയർ ഓഫീസർമാർ

ശ്രീ. പി.ജെ. ജോയി :

ശ്രീ. എ.കെ. മണി :

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള എല്ലാ തോട്ടങ്ങളിലും ലേബർ വെൽഫെയർ ഓഫീസർമാരെ നിയമിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവരിൽ ചട്ടപ്രകാരമുള്ള യോഗ്യത സമ്പാദിച്ചിട്ടുള്ള എത്രപേരുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി ചട്ടപ്രകാരം യോഗ്യത സമ്പാദിച്ചിട്ടുള്ള 73 വെൽഫെയർ ഓഫീസർമാർ വിവിധ പ്ലാന്റേഷനുകളിൽ പ്രവൃത്തി എടുത്തുവരുന്നു.

74 (3542) തിരുവനന്തപുരം ജില്ലയിൽ ലോക്കൗട്ട് ചെയ്തിട്ടുള്ള തേയിലത്തോട്ടങ്ങൾ

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എത്ര തേയിലത്തോട്ടങ്ങൾ ലോക്കൗട്ട് ചെയ്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം തോട്ടങ്ങളാണ് ലോക്കൗട്ട് ചെയ്തിട്ടുള്ളത് ;

(സി) എന്നു മുതലാണ് ഈ തോട്ടങ്ങൾ ലോക്കൗട്ട് ചെയ്തത് ;

(ഡി) ഇതിന്റെ ഫലമായി എത്ര പേർക്ക് തൊഴിൽ നഷ്ടപ്പെട്ടു എന്ന് അറിയുമോ?

ഉത്തരം

(എ) ഒന്ന്

(ബി) പൊൻമുടി തേയിലത്തോട്ടം.

(സി) 1998 ആഗസ്റ്റ് 20 മുതൽ.

(ഡി) 164 സ്ഥിരം തൊഴിലാളികൾക്കും 250 താൽക്കാലിക തൊഴിലാളികൾക്കും തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്.

75 (3543) പിരിച്ചുവിടപ്പെട്ട ജീവനക്കാർക്ക് നല്കുന്ന ആനുകൂല്യങ്ങൾ

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. ചെർക്കളം അബ്ദുള്ള
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യസ്ഥാപനത്തിൽ ആറുകൊല്ലംവരെ സേവന ദൈർഘ്യമുള്ള ജീവനക്കാരെ മാനേജ്മെന്റ് പിരിച്ചുവിട്ടാൽ അവർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നിയമാനുസരണം കിട്ടുമെന്ന് അറിയിക്കുമോ;

(ബി) ആനുകൂല്യം നൽകാതെ പിരിച്ചുവിട്ടാൽ ജീവനക്കാരന് തൊഴിൽ വകുപ്പ് നൽകുന്ന സഹായം എന്തൊക്കെയാണ് :

(സി) ഇത്തരം ജീവനക്കാരുടെ പരാതി ലഭിച്ചാൽ അടിയന്തിര നടപടി സ്വീകരിക്കാൻ ലേബർ ഓഫീസർമാർക്ക് നിർദ്ദേശം നല്കുമോ?

ഉത്തരം

(എ) 1947 ലെ തൊഴിൽതർക്ക നിയമമനുസരിച്ച് ഒരു തൊഴിലുടമയുടെ കീഴിൽ ഒരുവർഷത്തിൽ കൂടുതൽ തുടർച്ചയായി പണിയെടുക്കുന്ന തൊഴിലാളിയെ പിരിച്ചുവിടുകയാണെങ്കിൽ ഒരു മാസത്തിനുമുൻപ് കാരണം കാണിച്ചുകൊണ്ടുള്ള നോട്ടീസ് തൊഴിലാളികൾക്ക് നൽകിയിരിക്കണം. പൂർത്തിയാക്കിയ ഓരോ വർഷത്തിനും റിട്രെഞ്ചുമെന്റ് ബെനിഫിറ്റായി പതിനഞ്ചു ദിവസത്തെ ശരാശരി ശമ്പളം കണക്കാക്കി തൊഴിലാളിക്ക് നൽകേണ്ടതാണ്. അവസാനവർഷത്തിൽ ആറു മാസത്തിൽ കൂടുതൽ സർവ്വീസുണ്ടെങ്കിൽ അത് പൂർത്തിയായ വർഷമായി കണക്കാക്കേണ്ടതാണ്. 1972 ലെ പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ടനുസരിച്ച് അഞ്ചുവർഷത്തിൽ കൂടുതൽ സർവ്വീസുള്ള തൊഴിലാളിക്ക് ഗ്രാറ്റുവിറ്റിക്ക് അർഹതയുണ്ട്. ഇ.എസ്.ഐ ആക്ടനുസരിച്ചും, പ്രോവിഡന്റ് ഫണ്ട് ആക്ടനുസരിച്ചും ഉള്ള ആനുകൂല്യങ്ങൾ ലഭിക്കുവാൻ പ്രസ്തുത തൊഴിലാളിക്ക് അർഹതയുണ്ട്.

(ബി) ആനുകൂല്യം നല്കാതെ പിരിച്ചുവിട്ട ജീവനക്കാരന്റെ പരാതി ലഭിക്കുകയാണെങ്കിൽ അതാത് ജില്ലാ ലേബർ ഓഫീസർമാർ അനുരഞ്ജനചർച്ചകൾ നടത്തുകയും, അതിൽ പരിഹരിക്കപ്പെടാത്ത കേസ്സുകൾ ഉന്നത

LIBRARY ARCHIVES Kerala Legislative Assembly